**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2283** **16-03-2022 - ൽ മറുപടിയ്ക്ക്**

**രണ്ടാം നൂറുദിന പരിപാടിയിൽ നടപ്പാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | null<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് രണ്ടാം നൂറുദിന പരിപാടിയുടെ ഭാഗമായി ഭക്ഷ്യ-പൊതുവിതരണ വകുപ്പുകൾ പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; | (എ) | അനുബന്ധമായി ചേർക്കുന്നു. |
| (ബി) | റേഷൻ സാധനങ്ങൾ റേഷൻകടകളിൽ മാസാദ്യം തന്നെ എത്തിക്കുന്നതിനും വാതിൽപ്പടി വിതരണം വഴി ഇവ കൃത്യമായ അളവിൽ ഉപഭോക്താക്കൾക്കു നൽകുന്നുവെന്നുറപ്പുവരുത്താൻ ഇ-പോസ് മെഷീൻ ത്രാസുമായി ബന്ധിപ്പിക്കുന്നതിനും നടപടി എടുത്തിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | റേഷൻ വ്യാപാരികളുടെ സഹായത്തോടെ സർക്കാരിന് സാമ്പത്തിക ബാദ്ധ്യത ഇല്ലാത്ത രീതിയിൽ ഇലക്ട്രോണിക് വെയിംഗ് സ്കെയിൽ ഇപോസ് മെഷീനുമായി ബന്ധിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിന് വിവിധ തലത്തിൽ ചർച്ചകൾ നടത്തി വരുന്നു. |
| (സി) | കേന്ദ്ര സർക്കാർ ഭക്ഷ്യ സബ്സിഡിക്കായുള്ള തുകയിൽ വൻകുറവ് വരുത്തിയതും കരുതൽ ധാന്യ ശേഖരണത്തിൽ നിന്നും വലിയ തോതിൽ വിറ്റഴിക്കുന്നതും പൊതു വിപണിയിലെ വില വർദ്ധിപ്പിക്കാനിടയുള്ളതിനാൽ സംസ്ഥാനത്ത് പൊതു വിപണിയിലെ വില നിയന്ത്രിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്? | (സി) | വിലക്കയറ്റത്തിന്റെ യഥാർത്ഥകാരണം മനസ്സിലാക്കി ആയത് പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിനായി സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും, വ്യാപാരി പ്രതിനിധികളുടെയും യോഗം ആവശ്യമായ സന്ദർഭങ്ങളിൽ വിളിച്ച് ചേർത്ത്, വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കാറുണ്ട്. കൂടാതെ വിപണി ഇടപെടൽ നടത്തുന്നതിനായി സംസ്ഥാന സർക്കാർ എല്ലാ വർഷവും അനുവദിക്കുന്ന സാമ്പത്തിക സഹായമുപയോഗിച്ച് സപ്ലൈകോ അവരുടെ വിൽപ്പനശാലകളിലൂടെ അരി ഉൾപ്പെടെ 13 ഇനം അവശ്യ സാധനങ്ങൾ<br>പൊതുവിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ നൽകി വരുന്നു. ഉത്സവ സീസണുകളിൽ ഫെയറുകളും മാർക്കറ്റുകളും സംഘടിപ്പിക്കാറുമുണ്ട്. കൂടാതെ അവശ്യവസ്തുക്കളുടെ വിലയുടെ നിരന്തരമായ നിരീക്ഷണത്തിനും, അവശ്യവസ്തുക്കളുടെ വിലയുടെ ലഭ്യതയും സംബന്ധിച്ച് നയശുപാർശകളിൽ സഹായം |

നൽകുന്നതിന് കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ Price Monitoring Cell സംസ്ഥാനതലത്തിൽ പ്രവർത്തിച്ചുവരുന്നു. ആയതിന്റെ മേൽനോട്ടത്തിൽ 9 ജില്ലകളിൽ നിന്ന് അവശ്യവസ്തുക്കളുടെ വിലകൾ ശേഖരിച്ച് കേന്ദ്ര സർക്കാരിന് നൽകിവരുന്നു. അതോടൊപ്പം സബ്സിഡി സാധനങ്ങൾ യഥാർത്ഥ ഗുണഭോക്താവിന് തന്നെ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് 2018 ഓഗസ്റ്റ് മാസം മുതൽ, റേഷൻ കാർഡ് ഡാറ്റാ ബേസ് അധിഷ്ഠിത വെബ് പോർട്ടൽ സംവിധാനം ഉപയോഗപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഇത് മൂലം സബ്സിഡി ദുരുപയോഗം പൂർണ്ണമായും തടയുന്നതിന് സാധിച്ചു. കേന്ദ്ര ഗവൺമെന്റിന്റെ പ്രൈസ് സ്റ്റെബിലൈസേഷൻ പദ്ധതി പ്രകാരം, നാഫെഡിൽ നിന്ന് ചെറുപയർ, ഉവരപ്പരിപ്പ്, കടല, ഉഴുന്ന് തുടങ്ങിയ അവശ്യ ഭക്ഷ്യ സാധനങ്ങൾ വളരെ മിതമായ നിരക്കിൽ സംഭരിച്ച് ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനും കൂടാതെ, നിത്യോപയോഗ സാധനങ്ങളുടെ ദൗർലഭ്യവും വിലക്കുതിപ്പും ഉണ്ടാകുന്ന ഘട്ടങ്ങളിൽ ഉൽപാദന കേന്ദ്രങ്ങളിലെത്തി നേരിട്ട് സാധനങ്ങൾ സംഭരിച്ച് വിപണിയിൽ എത്തിക്കുന്നതിനുമുള്ള പദ്ധതികൾ തുടരുന്നതാണ്. ആവശ്യകതയ്ക്ക് അനുസരിച്ച് ഓരോ മാസവും ഇ-ടെണ്ടർ നടത്തി, സപ്ലൈകോ വില്പനശാലകളിൽ എല്ലാ അവശ്യ വസ്തുക്കളുടെയും ലഭ്യത ഉറപ്പ് വരുത്തുന്നതിനായി താഴെപ്പറയും പ്രകാരമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വിലക്കയറ്റം രൂക്ഷമായ സാഹചര്യത്തിൽ സംസ്ഥാനത്തെ 700 കേന്ദ്രങ്ങളിൽ മൊബൈൽ മാവേലി എത്തിചേർന്ന് സബ്സിഡി സാധനങ്ങൾ ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങൾ വിൽപ്പന നടത്തിയിരുന്നു. ഈ പദ്ധതിക്ക് വലിയതോതിലുള്ള ജനപിന്തുണ ലഭിച്ചിരുന്നു. സ്ഥല സൗകര്യം കുറഞ്ഞ വില്പനശാലകളിലേക്ക് കൂടുതൽ തവണ സാധനങ്ങളെത്തിച്ചു കൊടുക്കുന്നു. മുൻ മാസങ്ങളിലെ വില്പന, കഴിഞ്ഞ വർഷം ഇതേ മാസങ്ങളിലെ വില്പന, ഉത്സവസീസൺ മുതലായവ കണക്കിലെടുത്ത് എല്ലാ വില്പന ശാലകളിലും മതിയായ അളവിൽ അവശ്യ സാധനങ്ങൾ എത്തിച്ചു കൊടുക്കുവാൻ എല്ലാ ഡിപ്പോകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സപ്ലൈകോയുടെ വാഹനങ്ങൾ ലഭ്യമല്ലാത്ത സന്ദർഭങ്ങളിൽ സ്വകാര്യ വാഹനങ്ങൾ ഉപയോഗപ്പെടുത്തിയും അവശ്യസാധനങ്ങൾ എത്രയും വേഗം വില്പനശാലകളിലെത്തിക്കാൻ എല്ലാ ഡിപ്പോ മാനേജർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മാവേലി സ്റ്റോറുകളിൽ അവശ്യസാധനങ്ങൾ

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുവാനായി ആവശ്യമായ സമയങ്ങളിൽ ഒരു ഡിപ്പോയിൽ നിന്നും മറ്റു ഡിപ്പോകളിലേയ്ക്കും സാധനങ്ങൾ എത്തിച്ചുകൊടുക്കാനുള്ള നിർദ്ദേശം എല്ലാ മേഖല മാനേജർമാർക്കും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## ഭക്ഷ്യ – പൊതുവിതരണ, ഉപഭോക്തൃകാര്യ, ലീഗൽ മെട്രോളജി വകുപ്പ് - രണ്ടാം നൂറുദിന പരിപാടി : 2022 ഫെബ്രുവരി 10 - മെയ് 20

| ക്രമ നമ്പർ | വകുപ്പ് | പ്രവർത്തിയുടെ പേര് / പദ്ധതിയുടെ പേര് | തുക | സൃഷ്ടിക്കാൻ സാധിക്കുന്ന തൊഴിലവസരങ്ങൾ / തെഴിൽദിനങ്ങൾ | | ഉദ്ഘാടനം / പൂർത്തീ കരണം / തറക്കല്ലിടൽ തീയതി |
|---|---|---|---|---|---|---|
| | | | | പ്രത്യക്ഷം | പരോക്ഷം | |
| 1 | പൊതു-വിതരണ വകുപ്പ് | ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന 1000 റേഷൻ കടകൾ കണ്ടെത്തി പശ്ചാത്തല സൗകര്യം വികസിപ്പിച്ച് സ്മാർട്ട് കാർഡുകളുടെ സഹായത്തോടുകൂടി ബാങ്കിംഗ് സേവനങ്ങൾ, (5000 രൂപ വരെ) യൂട്ടിലിറ്റി സർവ്വീസ് ബിൽ പെയ്മെന്റ്, ഇ-സേവനം എന്നിവ നടപ്പിലാക്കുന്ന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം. | ബാങ്ക് സഹായം | 1000 | 1000 | 20-05-22 |
| 2 | | സിവിൽ സപ്ലൈസ് വകുപ്പിന്റെ മാന്വലിന്റെ പ്രസിദ്ധീകരണം | 10 ലക്ഷം (കൺസ്യൂമർ അഫേഴ്സ് കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കി തുക അനുവദിക്കാവുന്നതാണ്). | ഇല്ല | ഇല്ല | 28-02-22 |
| 3 | | റേഷൻ കടകളുടെ ഓൺലൈൻ പരിശോധന സാധ്യമാക്കുന്ന തിനായി FPS Mobile എന്ന മൊബൈൽ ആപ്പിന്റെ ഉദ്ഘാടനം. | 4.5 ലക്ഷം (IEC component ൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമായിട്ടുണ്ട്) | ഇല്ല | ഇല്ല | 28-02-22 |

| | | | | | | |
|---|---|---|---|---|---|---|
| 4 | | വകുപ്പിലെ internal ഓഡിറ്റ് വിഭാഗം ശാക്തീകരിക്കുന്ന പദ്ധതി. | സാമ്പത്തിക ബാദ്ധ്യത ഇല്ല | ഇല്ല | ഇല്ല | 28-02-22 |
| 5 | പൊതു-വിതരണ വകുപ്പ് | 14 ജില്ലകളിലും സുഭിക്ഷ ഹോട്ടലുകൾ . | 1 Crore (തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്) G.O(Rt) 263/21 dtd 24.6.21 സർക്കാർ ഉത്തരവ് പ്രകാരം ഭരണാ നുമതി ലഭ്യമായിരുന്നു | 100 | 100 | 31-03-22 |
| 6 | | ക്രെഡിറ്റ് വ്യവസ്ഥയിൽ FPS കളിൽ വാതിൽപ്പടി റേഷൻ വിതരണം നടത്തുകയും ടി തുക എ.ആർ.ഡി കമ്മീഷൻ തുകയിൽ നിന്നും ക്രമപ്പെടുത്തുന്ന നടപടി സംബന്ധിച്ച്. | വകുപ്പിന് സാമ്പത്തിക ബാധ്യത ഇല്ല. | ഇല്ല | ഇല്ല | 28-02-22 |
| 7 | പൊതു-വിതരണ വകുപ്പ് | കവടിയാറിൽ തുടങ്ങാൻ ഉദ്ദേശിക്കുന്ന ഭക്ഷ്യഭവന്റെ തറ കല്ലിടൽ | 9.9 Crores പദ്ധതി നടത്തിപ്പിനായി സിവിൽ സപ്ലൈസ് വകുപ്പിന്റെ അടിസ്ഥാന സൗകര്യ വികസനം എന്ന ശീർഷകത്തിലേക്ക് 10 കോടി രൂപ ധനപുനർവിനിയോഗം മുഖാന്തിരം വകയിരുത്തുന്നതിനുള്ള ശുപാർശ ധനവകുപ്പിന്റെ പരിഗണനയിലാണ്. | നിർമ്മാണ പ്രവർത്തനവു മായി ബന്ധപ്പെട്ട് തൊഴിലവസര ങ്ങൾ സൃഷ്ടിക്കും | നിർമ്മാണ പ്രവർത്തന വുമായി ബന്ധപ്പെട്ട് തൊഴിലവ സരങ്ങൾ സൃഷ്ടിക്കും | 20-05-22 |
| 8 | | ഒന്നാംഘട്ട പുതിയ 599 റേഷൻ കടകളുടെ അലോട്ട്മെന്റ് | വകുപ്പിന് സാമ്പത്തിക ബാദ്ധ്യതയില്ല | 599 | ഇല്ല | 20-05-22 |

| | | | | | | |
|---|---|---|---|---|---|---|
| 9 | | മുൻഗണന റേഷൻ കാർഡുകളുടെ അപേക്ഷ ഓൺലൈൻ വഴി ആക്കുന്ന പദ്ധതിയുടെ ഉദ്ഘാടനം | വകുപ്പിന് സാമ്പത്തിക ബാധ്യത ഇല്ല | ഇല്ല | ഇല്ല | 28-02-22 |
| 10 | | സിവിൽ സപ്ലൈസ് വകുപ്പിന്റെ എല്ലാ ഓഫീസുകളും ഇ-ഓഫീസ് സംവിധാനത്തി ലോട്ട് മാറ്റുന്ന പദ്ധതിയുടെ പൂർത്തീകരണം | നടപ്പ് വർഷം 50 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 2022-23 സാമ്പ ത്തിക വർഷത്തേയ്ക്ക് 50 ലക്ഷം രൂപ വകയിരുത്തുന്ന തിനായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. | ഇല്ല | ഇല്ല | 31-03-22 |
| 11 | | സംസ്ഥാനത്തെ എല്ലാ റേഷനിംഗ് താലൂക്കുകളിലും ശാസ്ത്രീയമായ ഗോഡൗണുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിയാണ്. പ്രസ്തുത പദ്ധതിയുടെ തുടക്കം എന്ന നിലയിൽ പൊതുവിതരണ വകുപ്പിനു കീഴിലുള്ള കോന്നിയിലെ സി.എഫ്.ആർ.ഡി കോമ്പൗണ്ടിൽ ഗോഡൗണിന്റെ നിർമ്മാണോദ്ഘാടനം. | സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷൻ / സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ എന്നി കേന്ദ്ര സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുമായും ബി.ഒ.റ്റി അടിസ്ഥാനത്തിൽ സ്വകാര്യ സംരംഭകരുമായി സഹകരിച്ചുകൊണ്ട് ഗോഡൗൺ നിർമ്മിക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് വരുന്നു. | നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് തൊഴിലവസരങ്ങൾ സൃഷ്ടിക്കും | നിർമ്മാണ പ്രവർത്തന വുമായി ബന്ധപ്പെട്ട് തൊഴിലവ സരങ്ങൾ സൃഷ്ടിക്കും | 16-05-22 |

| | | | | | | |
|---|---|---|---|---|---|---|
| 12 | | GPS ട്രാക്കിംഗ് ഉദ്ഘാടനം (സപ്ലൈകോയുമായി ബന്ധപ്പെട്ടത്) | G.O (Rt) No 335/21/F&CSD dtd 02.09.2021 പ്രകാരം 4 കോടി 79.92 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. | ഇല്ല | 1000 | 31-03-22 |
| 13 | | ജില്ലാ സപ്ലൈ ഓഫീസുകളിൽ ഉപഭോക്തൃ സഹായ കിയോസ്കുകളുടെ പൂർത്തീകരണം | 5 Lakhs (തുക വകയിരുത്തിയിട്ടുണ്ട്) | ഇല്ല | ഇല്ല | 20-05-22 |
| 14 | | ഫെബ്രുവരി അവസാന വാരത്തിലെ കുടിശ്ശിക നിവാരണ യജ്ഞം | സാമ്പത്തിക ബാദ്ധ്യതയില്ല | .ഇല്ല | ഇല്ല | 31-03-22 |
| 15 | | വകുപ്പിൽ നിലവിലുള്ളതും, പുതുതായി നിലവിൽ വന്നതുമായ നിയമങ്ങളും, ചട്ടങ്ങളും, പ്രവർത്തനങ്ങളും സംബന്ധിച്ച് എല്ലാ വിഭാഗം ജീവനക്കാർക്കും സി.എഫ്.ആർ.ഡി കോന്നിയിൽ താമസിച്ച് (60 പേർക്ക്) പരിശീലനം നൽകുന്നതിനുള്ള ഇൻസ്റ്റിറ്റ്യൂട്ടിന്റെ തറക്കല്ലിടൽ ഉദ്ഘാടനം. | 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. | നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് തൊഴിലവസരങ്ങൾ സൃഷ്ടിക്കും | നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് തൊഴിലവസരങ്ങൾ സൃഷ്ടിക്കും | 20-05-22 |
| 16 | | വകുപ്പിന്റെ സോഷ്യൽ മീഡിയ ലാബിന്റെ ഉദ്ഘാടനം | 5 ലക്ഷം | 5 | ഇല്ല | 25-02-22 |
| 17 | | കൺസ്യൂമർ ഡിസ്പ്യൂട്ട് റെഡ്റെസ്സൽ കമ്മിഷനുമായി ബന്ധപ്പെട്ട മീഡിയേഷൻ സെല്ലിന്റെ സംസ്ഥാന തല ഉദ്ഘാടനം | 1 ലക്ഷം | ഇല്ല | ഇല്ല | 31-03-22 |
| 18 | | സോഷ്യൽ ഓഡിറ്റ് പൂർത്തീകരണം. പൊതുവിതരണ വകുപ്പിന് കീഴിലുള്ള പുന:സംഘടിപ്പിക്കപ്പെട്ട സംസ്ഥാന, ജില്ലാ, | സാമ്പത്തിക ബാദ്ധ്യതഇല്ല | ഇല്ല | ഇല്ല | 31-03-22 |

| | | | | | | |
|---|---|---|---|---|---|---|
| | | താലൂക്ക്തല വിജിലൻസ് കമ്മിറ്റികൾ, റേഷൻ കട തലത്തിലുള്ള വിജിലൻസ് സമിതികൾ എന്നിവയുടെ പ്രവർത്തനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം. | | | | |
| 19 | സപ്ലൈ കോ | പ്ലാൻ ഫണ്ട് ഉപയുക്തമാക്കിയുള്ള വിൽപ്പന ശാലകളുടെ നവീകരണം/ പുതിയവ ആരംഭിക്കൽ | 60 ലക്ഷം | 25 | 50 | 20-05-22 |
| 20 | | കൊല്ലം NFSA ഗോഡൗൺ | 5.7 കോടി | | നിർമ്മാണ പ്രവർത്തന വുമായി ബന്ധപ്പെട്ട് തൊഴിലവ സരങ്ങൾ സൃഷ്ടിക്കും | 31-03-22 |
| 21 | | പത്തനംതിട്ട ജില്ലയിലെ തിരുവല്ല, വയനാട് ജില്ലയിലെ മാനന്തവാടി, ഇടുക്കി ജില്ലയിലെ വാഗമൺ എന്നിവിടങ്ങളിൽ പുതിയ പെട്രോൾ ബങ്ക് സ്ഥാപിക്കുന്ന പദ്ധതിയുടെ നിർമ്മാണോദ്ഘാടനം. | ബന്ധപ്പെട്ട ഓയിൽ കമ്പനികൾ ചെലവ് വഹിക്കും. സ്ഥലം 30 വർഷം ലീസിന് സപ്ലൈകോ നൽകും. | 30 | നിർമ്മാണ പ്രവർത്തന വുമായി ബന്ധപ്പെട്ട് തൊഴിലവ സരങ്ങൾ സൃഷ്ടിക്കും | 20/05/22 |
| 22 | ലീഗൽ മെട്രോളജി | പാലക്കാട് ജില്ലയിൽ ഓഫീസ് കെട്ടിടം/ ലബോറട്ടറി കോംപ്ലക്സ് നിർമ്മാണം തറക്കല്ലിടൽ | 2,22,46,531 രൂപ | പൊതുമരാ മത്ത് വകുപ്പ് മുഖേന നിർമ്മാണം പൂർത്തീകരിക്കാ ൻ ഉദ്ദേശിക്കുന്ന ടി പദ്ധതി യിന്മേൽ കെട്ടിട | നിർമ്മാണ പ്രവർത്തന വുമായി ബന്ധപ്പട്ട് തൊഴിലവ സരങ്ങൾ സൃഷ്ടിക്കും | 10-05-22 |

| | | | | | | |
|---|---|---|---|---|---|---|
| | ലീഗൽ മെട്രോളജി | | | നിർമ്മാണ മേഖലയിലെ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കുന്നതാണ്. | | |
| 23 | ലീഗൽ മെട്രോളജി | വയനാട് ജില്ലയിൽ ലീഗൽ മെട്രോളജി വകുപ്പിന് ഓഫീസ് കെട്ടിടം/ ലബോറട്ടറി കോംപ്ലക്സ് നിർമ്മാണം തറക്കല്ലിടൽ | 2 കോടി രൂപ | പൊതുമരാമത്ത് വകുപ്പ് മുഖേന നിർമ്മാണം പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന ടി പദ്ധതിയിന്മേൽ കെട്ടിട നിർമ്മാണ മേഖലയി ലെ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കുന്നതാണ് | നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് തൊഴിലവസരങ്ങൾ സൃഷ്ടിക്കും | 25-04-22 |
| 24 | | പുതുതായി എറണാകുളം സെൻട്രൽ ലെബോറട്ടറിയിൽ നിർമ്മിച്ച തെർമ്മോമീറ്റർ കാലിബറേഷൻ ലബോറട്ടറിയുടെ ഉദ്ഘാടനം | 59,28,580 | 3 | ഇല്ല | 10-05-22 |
| 25 | | പുതുതായി എറണാകുളം സെൻട്രൽ ലെബോറട്ടറിയിൽ നിർമ്മിച്ച ഫ്ലോമീറ്റർ | 1,12,57,400 | 3 | ഇല്ല | 15-05-22 |

| | | | | | | |
|---|---|---|---|---|---|---|
| | | കാലിബറേഷൻ ലബോറട്ടറിയുടെ ഉദ്ഘാടനം | | | | |
| 26 | ലീഗൽ മെട്രോളജി | അളവ് തൂക്ക ഉപകരണങ്ങളുടെ പുന:പരിശോധനാ അദാലത്ത് | സാമ്പത്തിക ബാദ്ധ്യത ഇല്ല | ഇല്ല | അളവ് തൂക്ക ഉപകരണങ്ങളുടെ റിപ്പയറിംഗ് ജോലികൾ ചെയ്യുന്നതിനായി 2000 താൽകാലി തൊഴില വസരം സൃഷ്ടിക്കും | 07-03-22 |
| 27 | ലീഗൽ മെട്രോളജി | 'ക്ഷമത പദ്ധതി'<br>സംസ്ഥാനത്തെ പെട്രോൾ ബങ്കിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് പൊതുജനങ്ങളിൽ ആശങ്ക സൃഷ്ടിക്കുന്നു. എന്നാൽ കോവിഡ് പശ്ചാത്തലത്തിൽ പരിശോധന നടത്തി ശിക്ഷണ നടപടികൾ സ്വീകരിക്കുന്നത് ഉചിതമല്ലാത്തതിനാലും പൊതുജനങ്ങളുടെ സംശയം ദൂരീകരിക്കുന്നതിനും പമ്പുടമകളെ ബോധവൽക്കരിക്കുന്നതിനുമായി സംസ്ഥാനത്തെ 1000 പമ്പുകളിൽ പരിശോധന നടത്തി കുറവുകൾ ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള റിപ്പോർട്ട് പമ്പുടമകൾക്ക് നൽകും. | സാമ്പത്തിക ബാദ്ധ്യത ഇല്ല | ഇല്ല | ഇല്ല | 02-03-22 |
| 28 | | 'സുതാര്യം പദ്ധതി'<br>സംസ്ഥാനത്തെ വിവിധ തരം വ്യാപാരസ്ഥാപനങ്ങളിൽ വില വിവര പട്ടിക | സാമ്പത്തിക ബാദ്ധ്യത ഇല്ല | ഇല്ല | ഇല്ല | 09-03-22 |

| | | | | | | |
|---|---|---|---|---|---|---|
| | | പ്രദർശിപ്പിക്കൽ, അളവ് തൂക്ക ഉപകരണങ്ങളുടെ കൃത്യത ഉറപ്പ് വരുത്തൽ, വിൽപ്പനയുടെ ബിൽ നൽകൽ എന്നിവ സംബന്ധിച്ച് വ്യാപാരികളെ ബോധവൽക്കരണം നൽകുന്നതിന്റെ ഭാഗമായി സംസ്ഥാനമൊട്ടാകെ 50000 വ്യാപാര സ്ഥാപനങ്ങൾ ലീഗൽ മെട്രോളജി, പൊതുവിതരണ, റവന്യ എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ സംയുക്ത സ്ക്വാഡ് പരിശോധന നടത്തുന്നതാണ്. പദ്ധതിയിലൂടെ വ്യാപാരികളെ ബോധവൽകരിക്കുന്നു, ശിക്ഷാ നടപടികൾ സ്വീകരിക്കില്ല. | | | | |
| 29 | | ലീഗൽ മെട്രോളജി ഹെഡ്ക്വാർട്ടേഴ്സിലും ജോയിന്റ് കൺട്രോൾ ഓഫീസുകളിലും ഇ- ഓഫീസ് സംവിധാനം ഉദ്ഘാടനം. | | ഇല്ല | ഇല്ല | 06-04-22 |
| 30 | | വകുപ്പിന്റെ സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങളിൽ എത്തിക്കുന്നതിന് നിർമ്മിച്ച 5 പരസ്യ ചിത്രങ്ങളുടെ പ്രകാശനം | 24,99,000 | ഇല്ല | ഇല്ല | 15-03-22 |